## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 358      27.02.2017- ൽ മറുപടിയ്ക്ക്

### <u>എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ആശ്വാസധനം.</u>

<u>ചോദ്യം</u>
ശ്രീ.വി.ഡി.സതീശൻ
ശ്രീ.വി.ടി.ബൽറാം

<u>ഉത്തരം</u>
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് മൂന്നുമാസത്തിനകം ആശ്വാസധനം കൈമാറണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി എൻഡോസൾഫാൻ ദുരിതബാധിതരായിട്ടുള്ള 5848 പേരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ വിധിപ്രകാരം ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരം അനുവദിച്ച തുക കറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കി-യിട്ടുള്ളത്. ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ |

| | | | |
|---|---|---|---|
| | | | പുനരധിവാസ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെ ധനസഹായം ലഭ്യമാകാത്ത സാഹചര്യത്തിൽ വിശദമായ കത്ത് ബഹു.മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | താല്ക്കാലിക ആശ്വാസം നൽകുവാൻ ഇനി എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | ബഹു.സുപ്രീം കോടതിയുടെ വിധിപ്രകാരം ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടി വരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | കമ്പനികളിൽ നിന്നും പണം സ്വരൂപിച്ച് ദുരിതബാധിതർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി ദുരിതബാധിതരായവരുടെ പട്ടിക തയ്യാറാക്കുകയും നഷ്ടപരിഹാരം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം രണ്ട് ഗഡുക്കളായി ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് ഈ ദുരന്തത്തിന് ഉത്തരവാദിയായ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും മൊത്തം 53.105 കോടി രൂപ ഈടാക്കിയിട്ടുണ്ട്. എൻഡോ-സൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്. |
| (ഡി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ 2010-ൽ എന്റോസൾഫാൻ ദുരിതബാധിതർക്കും, മരിച്ചവരുടെ ആശ്രിതർക്കും എന്ത് തുക വീതം നൽകണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് നഷ്ടപരിഹാരം ഇതിനകം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 |

കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള വിശദവിവരം താഴെ ചേർത്തിരിക്കുന്നു.

ആദ്യഗഡു അനുവദിച്ച വിവരങ്ങൾ

| നം. | കാറ്റഗറി | എണ്ണം | തുക (കോടി) |
|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 257 | 3,745 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1161 | 17,345 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 985 | 9.85 |
| 4 | കാൻസർ രോഗികൾ | 437 | 4.37 |
| 5 | മരണപ്പെട്ട വരുടെ ആശ്രിതർക്ക് | 709 | 10,435 |
| | ആകെ | | 45,745 |

രണ്ടാം ഗഡു അനുവദിച്ച വിവരങ്ങൾ

| നം. | കാറ്റഗറി | എണ്ണം | തുക (കോടി) |
|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 239 | 3,565 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1149 | 17,225 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 966 | 9.66 |
| 4 | കാൻസർ രോഗികൾ | 410 | 4.1 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>5</td><td>മരണപ്പെട്ട വരുടെ ആശ്രിതർക്ക്</td><td>671</td><td>9,915</td></tr>
<tr><td></td><td>ആകെ</td><td></td><td>44,466</td></tr>
</table>
ഇപ്രകാരം ആകെ 90.21 കോടി രൂപ പ്രത്യേക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.
</td></tr>
<tr><td>(ഇ)</td><td>ദുരിതബാധിതർക്ക് ആശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന് മുൻസർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിപ്രകാരം ഇതുവരെ എത്രതുക അനുവദിച്ചുവെന്നും, അതിൽ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ?</td><td>(ഇ)</td><td>08/08/2011-ൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിനായി കേന്ദ്രവിഹിതം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനസഹായം ലഭ്യമായിട്ടില്ല.</td></tr>
</table>

**സെക്ഷൻ ഓഫീസർ.**